മണിനാദം 2019 തൃശൂരിൽ

തിരുവനന്തപുരം: സംസ്ഥാനത്തെയുവക്ലബ്ബുകൾക്കായിയുവജനക്ഷേമബോർഡ്സംഘടിപ്പിക്കുന്ന കലാഭവൻമണി മെമ്മോറിയൽ നാടൻപാട്ട് മത്സരമായ 'മണിനാദം 2019' ഫെബ്രുവരി 9, 10 തീയതികളിൽ തൃശ്ശൂരിൽ നടക്കും. 30ന് ജില്ലാതല മത്സരങ്ങൾ പൂർത്തിയാകും. സംസ്ഥാനതല മത്സരത്തിന്റെ സംഘാടകസമിതി യോഗം 22ന് വൈകിട്ട് നാലിന് ചാലക്കുടിയിലുള്ള വ്യാപാരഭവൻ ജൂബിലി ഹാളിൽ നടക്കും.

മാത്യു മൂലക്കാട്ട് സഭാ ട്രൈബ്യൂണൽ തലവൻ

കൊച്ചി: സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ സുപ്രീം ട്രൈബ്യൂണലിന്റെ ജനറൽ മോഡറേറ്ററായി ആർച്ച് ബിഷപ്പ് മാത്യു മൂലക്കാട്ട് വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. ബിഷപ്റെമിജിയുസ് ഇഞ്ചനാനിയിൽ, ബിഷപ്പ് സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ എന്നിവർ ട്രൈബ്യൂണലിന്റെ ജഡ്ജിമാരാണ്.

കമ്മിഷനുകളുടെ ചെയർമാന്മാരായ ബിഷപ്പുമാർ: വിശ്വാസപരിശീലനം: ജോർജ് ഞെരളക്കാട്ട്. എക്യുമെനിസം : ജോസഫ് പെരുന്തോട്ടം. ഇവാഞ്ചലൈസേഷൻ ആൻഡ് പാസ്റ്ററൽ കെയർ ഓഫ് മൈഗ്രന്റ്സ്: റാഫേൽ തട്ടിൽ (ചെയർമാൻ), ഡോക്ടിൻ: ടോണി നീലങ്കാവിൽ, ക്ലർജി : ജോർജ് മഠത്തിക്കണ്ടത്തിൽ

ഫാമിലി, ലെയ്റ്റി ആൻഡ് ലൈഫ്: ജോസഫ് കല്ലറങ്ങാട്ട്.

ജലീൽ സി.പി.എമ്മിനെ ബ്ലാക്ക് മെയിൽ ചെയ്യുന്നു: പി.കെ. ഫിറോസ്

കോഴിക്കോട്: മറ്റ് വകുപ്പുകളിലെ വിവാദ നിയമനങ്ങൾ പുറത്ത് വിട്ടമെന്ന് ബ്ലാക്ക് മെയിൽ ചെയ്താണ് ബന്ധു നിയമന വിവാദത്തിൽ കുരുങ്ങിയ മന്ത്രി കെ. ടി. ജലീൽ സി.പി.എമ്മിനെയും കോടിയേരി ബാലകൃഷ്ണനെയും തന്റെ പക്ഷത്ത് നിറുത്തുന്നതെന്ന് മുസ്ലിം യൂത്ത് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ. ഫിറോസ് വാർത്താസമ്മേളനത്തിൽ ആരോപിച്ചു. ബന്ധുനിയമനത്തിൽ മന്ത്രി കെ. ടി. ജലീലിനെതിരെ പരാതി നൽകിയിട്ടും അന്വേഷണം പ്രഖ്യാപിക്കാത്തത് ബ്ലാക്ക് മെയിൽ കാരണമാണ്. നവംബർ മൂന്നിന് നൽകിയ പരാതി വിജിലൻസ് ഡയറക്ടർ 28ന് സംസ്ഥാന സർക്കാരിന് കൈമാറിയിരുന്നു. എന്നാൽ പരാതി നൽകി മൂന്ന് മാസം കഴിഞ്ഞിട്ടും അന്വേഷണം തുടങ്ങാത്തതിന്റെ കാരണം വിജിലൻസ് വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രിവ്യക്തമാക്കണം. മന്ത്രിതോമസ് ചാണ്ടിയുടെ രാജിക്കായി മന്ത്രിസഭാ യോഗം ബഹിഷ്കരിച്ച സി.പി.ഐക്ക് ഇക്കാര്യത്തിൽ എന്ത് നിലപാടാണുള്ളതെന്ന് പറയാൻ കാനം രാജേന്ദ്രൻ തയ്യാറാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ആർച്ച് ബിഷപ്ബച്ചിനെല്ലി അവാർഡ് എ. മൊയ്തീന്

കൊച്ചി: ആർച്ച് ബിഷപ്പ് ബെർണഡിൻ ബച്ചിനെല്ലിയുടെ സ്മരണയ്ക്ക് കേരള റീജൺ ലാറ്റിൻ കാത്തലിക് കൗൺസിൽ (കെ.ആർ.എൽ.സി.സി) ഏർപ്പെടുത്തിയ അദ്ധ്യാപക പുരസ്കാരത്തിന് കണ്ണൂർ ജില്ലയിലെ പരിങ്ങാനം ഗവൺമെന്റ് എൽ.പി. സ്കൂൾ ഹെഡ്മാസ്റ്റർ എ. മൊയ്തീൻ അർഹനായി. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവുമടങ്ങുന്ന അവാർഡ് ഫെബ്രുവരി രണ്ടിന് പെരിങ്ങാനം ഗവൺമെന്റ് എൽ.പി. സ്കൂളിൽ കണ്ണൂർ രൂപതാദ്ധ്യക്ഷൻ ബിഷപ്പ് ഡോ. അലക്സ് വടക്കുംതല നൽകുമെന്ന് ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം അറിയിച്ചു.

കണ്ണീരോർമ്മയിൽ ബാലുവിന് സ്റ്റീഫന്റെ സംഗീതാർച്ചന

▶ എൻ.പി.മുരളീകൃഷ്ണൻ

തിരുവനന്തപുരം: 'ഓർക്കുമ്പോഴെല്ലാം കനത്ത വിഷാദം നിറയുന്നൊരു വയലിൻ നാദമായി ബാലുവിന്റെ ചിരി തെളിഞ്ഞുവരും. ബാലു മരിച്ചിട്ടില്ല; ഒരു വയലിനുമായി അവൻ എവിടെയോ ഉണ്ട്.'

കീബോർഡിൽ വിസ്മയം തീർക്കുന്ന സ്റ്റീഫൻ ദേവസ്സിയുടെ വാക്കുകൾ പതറി. ബാലഭാസ്കർ ഓർമ്മയായിട്ട് രണ്ടു മാസവും 20 ദിവസവും പിന്നിട്ട ഇന്നലെ, വൈലോപ്പിള്ളി സംസ്കൃതിഭവൻ സംഘടിപ്പിച്ച 'ബാലഭാസ്കർ സ്മൃതിഗീതം' പരിപാടിയിൽ പ്രിയസുഹൃത്തിനെയോർത്ത് സ്റ്റീഫൻ വിതുമ്പി.

സ്റ്റീഫനും സോളിഡ്ബാൻഡും ചേർന്ന് അവതരിപ്പിച്ച മ്യൂസിക്ക് ഫ്യൂഷൻ ബാലഭാസ്കറിനുള്ള സ്നേഹസമർപ്പണമായി.

കാറപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് ബാലു ആശുപത്രിയിലായിരുന്നപ്പോൾ ഒപ്പമുണ്ടായിരുന്ന നിമിഷങ്ങളോർത്താണ് സ്റ്റീഫൻ സംസാരിച്ചു തുടങ്ങിയത്.

പരിപാടിക്ക് എത്തിയ ബാലുവിന്റെ അച്ഛൻ സി.കെ ഉണ്ണി. സുഹൃത്തുക്കൾ പങ്കുവച്ച ഓർമ്മകൾക്കു മുന്നിൽ ഹൃദയഭാരം താങ്ങാനാകാതെ ഇടയ്ക്കുവച്ച് വീട്ടിലേക്കു മടങ്ങുകയായിരുന്നു. ബാലുവിന്റെ മാസ്റ്റർപീസ് 'കവർസോംഗ്' കളാണ് സ്റ്റീഫൻ അവതരിപ്പിച്ചത്.

'കണ്ണീർപ്പൂവിന്റെ കവിളിൽ തലോടി...', 'ഉയിരേ...', 'കാതൽ രോജാവേ...', 'ആയിരം കണ്ണുമായ്...' എന്നീ പാട്ടുകളുടെ ഫ്യൂഷൻ അവതരണത്തിനു മുന്നിൽ സദസ്സിന്റെ കണ്ണു നനഞ്ഞു. സൂര്യ സാംസ്കാരിക സമിതിക്കായി ബാലു ഒരുക്കിയ അവതരണഗീതവും മലയാളികളുടെ എക്കാലത്തെയും ഇഷ്ടഗാനങ്ങളായ 'തുമ്പീവാ തുമ്പക്കുടത്തിൽ...', 'ഉണ്ണികളേ ഒരു കഥ പറയാം...', 'അമ്പലപ്പുഴ ഉണ്ണിക്കണ്ണനോടു നീ...' എന്നിവയുടെ അവതരണവും പരിപാടിയിൽ ബാലുവിന്റെ അദൃശ്യസാന്നിധ്യം നിറയ്ക്കുന്നതായി. ബാലുവിന്റെ മരണശേഷം ആദ്യമായിട്ടായിരുന്നു തിരുവനന്തപുരത്ത് സ്റ്റീഫൻ ദേവസ്സിയുടെ സംഗീതപരിപാടി.

അനുസ്മരണസമ്മേളനം മന്ത്രി എ.കെ. ബാലനും കലാപരിപാടികളുടെ ഉദ്ഘാടനം മന്ത്രി കടകംപള്ളി സുരേന്ദ്രനും ഉദ്ഘാടനം ചെയ്തു. പ്രഭാവർമ്മ, സൂര്യ കൃഷ്ണമൂർത്തി, ചെറിയാൻ ഫിലിപ്പ്, രാജശ്രീ വാര്യർ, ജി.ശ്രീറാം, ഡോ.ബി. ഇക്ബാൽ, രാജ്മോഹൻ തുടങ്ങിയവർ നിലവിളക്കുതെളിച്ച് പരിപാടിക്ക് തുടക്കമിട്ടു.

"ബാലഭാസ്കറിന്റെ സാമ്പത്തിക ഇടപാടിൽ ദുരൂഹതയില്ലെന്ന പൊലീസിന്റെ കണ്ടെത്തലിനോട് യോജിക്കാനാവില്ല. അപകട മരണത്തിലും ദുരൂഹതയുണ്ട്. പാലക്കാട് സ്വദേശിയായ ആയുർവേദ ഡോക്ടറുമായി ബാലഭാസ്കറിന് സാമ്പത്തിക ഇടപാടുണ്ടായിരുന്നു. -പിതാവ് സി.കെ. ഉണ്ണി

തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ ആഭിമുഖ്യത്തിൽ നടന്ന ബാലഭാസ്കർ സ്മൃതിസംഗീതത്തിന്റെ ഉദ്ഘാടനചടങ്ങിൽ വികാരാധീനനായ ബാലഭാസ്കറിന്റെ അച്ഛൻ സി. കെ. ഉണ്ണിയെ സ്റ്റീഫൻ ദേവസ്സി ആശ്വസിപ്പിക്കുന്നു

ബാലഭാസ്കറിന്റെ മരണം: പാലക്കാട്ടെ ഡോക്ടറെ പൊലീസ് ചോദ്യം ചെയ്യും

തിരുവനന്തപുരം: വയലിൻ മാന്ത്രികൻ ബാലഭാസ്കറും മകൾ തേജസ്വിനിയും മരണമടഞ്ഞ അപകടത്തെക്കുറിച്ച് അന്വേഷിക്കുന്ന പൊലീസ് സംഘം പാലക്കാട്ടെ ഡോക്ടറെ ചോദ്യം ചെയ്യും. ഹാജരാകാൻ നോട്ടീസ് നൽകി. പാലക്കാട്-തൃശ്ശൂർ അതിർത്തിയിൽ ആയുർവേദ ആശുപത്രി നടത്തുന്ന ഡോക്ടറും ഭാര്യയും ബാലുവിന്റെ കുടുംബസുഹൃത്തുക്കളാണ്. അപകടത്തിനു പിന്നിൽ ദുരൂഹതയുണ്ടെന്ന് ബാലുവിന്റെ പിതാവ് സി. കെ. ഉണ്ണി പരാതി നൽകിയ സാഹചര്യത്തിലാണ് പൊലീസ് നടപടി. ഡോക്ടറും ബാലഭാസ്കറും തമ്മിൽ പത്തുവർഷമായി നടന്ന സാമ്പത്തിക ഇടപാടുകളുടെ കണക്കും അന്വേഷിക്കണമെന്നാണ് പിതാവ് ആവശ്യപ്പെടുന്നത്.

എട്ടുലക്ഷത്തോളം രൂപയുടെ ഇടപാട് നടത്തിയതായി പ്രാഥമിക അന്വേഷണത്തിൽ ബോദ്ധ്യമായിട്ടുണ്ട്. ഇരുവരും അക്കൗണ്ട് ട്രാൻസ്ഫർ വഴി പണം കൈമാറും നടത്തിയോയെന്ന് പരിശോധിക്കുമെന്നും അതിനു ശേഷം ബാലഭാസ്കറിന്റെ ബാങ്ക് അക്കൗണ്ടും നിക്ഷേപങ്ങളും സ്വത്തുവകകളും പരിശോധിക്കുമെന്നും അന്വേഷണസംഘം വ്യക്തമാക്കി. പാലക്കാട്ടെ ഡോക്ടറുടെ ബന്ധുവായിരുന്ന അപകടസമയം ഇവർക്കൊപ്പമുണ്ടായിരുന്ന ഡ്രൈവർ അർജ്ജുനനും ബാലുവിന്റെ പിതാവിന്റെ പരാതിയിലുണ്ടായിരുന്നു. ഒറ്റപ്പാലത്തും ചെറുതുരുത്തിയിലും ഇയാൾക്കെതിരെ സാമ്പത്തിക ഇടപാട് കേസുകളുണ്ടെങ്കിലും ബാലുവിന്റെ മരണവുമായി ബന്ധമില്ലെന്നാണ് പൊലീസ് നിഗമനം. കാർ ഓടിച്ചിരുന്നത് ബാലഭാസ്കർ ആയിരുന്നുവെന്ന് ട്രക് സാക്ഷികളുടെയും രക്ഷാപ്രവർത്തകരുടെയും മൊഴികളുണ്ടെങ്കിലും ഔദ്യോഗികമായി സ്ഥിരീകരിക്കാൻ അപകടസ്ഥലവും കാറും പരിശോധിച്ച തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഫോറൻസിക് വിദഗ്ദ്ധരുടെ സംഘത്തിന്റെ റിപ്പോർട്ട് പൊലീസ് ആവശ്യപ്പെട്ടു.

സർവതല സ്പർശിയായ നവകേരള സൃഷ്ടി ലക്ഷ്യം: മുഖ്യമന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്തെ സർവ മേഖലയേയും സ്പർശിക്കുന്ന നവകേരള സൃഷ്ടിയാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേരള സമ്പദ്‌വ്യവസ്ഥയുടെ പുനഃസംഘടന - ബദൽ കാഴ്ചപ്പാട് എന്ന വിഷയത്തിൽ സെന്റ് ചേംബറിൽ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സാമ്പത്തിക സ്ഥിരതയുള്ളതും പ്രകൃതിസൗഹൃദവുമായ പുതു കേരളമാണ് സൃഷ്ടിക്കപ്പെടേണ്ടത്. സാമ്പത്തിക, കാർഷിക, ആരോഗ്യ, വിദ്യാഭ്യാസ, പാർപ്പിട, ഊർജ്ജ, ഗതാഗത മേഖലകളെല്ലാം ഇതിലുൾപ്പെടും. സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ പ്രവാസിനിക്ഷേപത്തിന്റെ പങ്ക് വലുതാണ്. എന്നാൽ ഗൾഫ് രാജ്യങ്ങളുടെ നിലപാടു കാരണം കുടിയേറ്റം നിയന്ത്രിക്കപ്പെടുകയാണ്. അതിനാൽ മറുനാട്ടിൽ നിന്നുള്ള പണവരവിലും കുറവുണ്ടായി. ഇത് സമ്പദ്‌വ്യവസ്ഥയെ ബാധിച്ചതായി മുഖ്യമന്ത്രി പറഞ്ഞു.

മടങ്ങിയെത്തുന്ന പ്രവാസികളുടെ എണ്ണം വർദ്ധിക്കുന്നതും ആശങ്കാജനകമാണ്. ഇവർക്ക് ചില മേഖലകളിൽ നിക്ഷേപത്തിനും സംരംഭകത്വത്തിനും അവസരമൊരുക്കണം. ഇതിനായി പ്രവാസി നിക്ഷേപ സമാഹാരണത്തിന് നടപടികൾ സ്വീകരിച്ചു വരികയാണ്.

വിദേശങ്ങളിലെ തൊഴിലവസരങ്ങളെ കൂടുതൽ ആശ്രയിക്കുന്നതിനു പകരം ഇവിടെത്തന്നെ പുതിയ തൊഴിലവസരങ്ങൾ ഉറപ്പുവരുത്തണം. അതിനും സാങ്കേതികമേഖലഇനിയും മുന്നോട്ടുപോകണം. കേരളത്തിന്റെ ആഭ്യന്തര വരുമാനത്തിൽ 10 ശതമാനം നൽകുന്ന ടൂറിസം മേഖലയെ അവഗണിക്കാനാകില്ല.

പല ടൂറിസം കേന്ദ്രങ്ങളും പരിസ്ഥിതിലോല മേഖലയിലായതിനാൽ വിനോദസഞ്ചാരപരിസ്ഥിതിസൗഹൃദമാകണം. വിദ്യാഭ്യാസരംഗത്തെ പരിഷ്കാരങ്ങളുടെ ഭാഗമായി നവോത്ഥാന മൂല്യങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ജെ. എൻ. യു എമിറേറ്റസ് പ്രൊഫസർ പ്രഭാത് പട്നായിക്, കേരള സർവകലാശാലാ വി.സി ഡോ. വി. പി. മഹാദേവൻ പിള്ള, ഇക്കണോമിക്സ് വിഭാഗം മേധാവി അബ്ദുൾ സലിം, സി. ഡി. എസ് ഓണററി ഫെലോമാരായ എം. എ. ഉമ്മൻ, ഡോ. കെ. പി. കണ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

നവ കേരള സൃഷ്ടി എങ്ങനെയെന്ന് സർക്കാരിന് അറിയില്ല :ഇ.ശ്രീധരൻ

- വ്യക്തമായ ആശയമില്ല, ശ്രദ്ധ രാഷ്ട്രീയത്തിൽ മാത്രം
- എന്താണ് വേണ്ടതെന്ന് ഇപ്പോഴും നിശ്ചയിച്ചിട്ടില്ല

കൊച്ചി: പ്രളയാനന്തര നവകേരള സൃഷ്ടിയിൽ സംസ്ഥാന സർക്കാരിന് വ്യക്തമായ ആശയമില്ലെന്ന് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ മുഖ്യ ഉപദേഷ്ടാവ് ഇ. ശ്രീധരൻ കുറ്റപ്പെടുത്തി. സർക്കാരിന്റെ ശ്രദ്ധ മുഴുവൻ രാഷ്ട്രീയ വിഷയങ്ങളിലേക്ക് മാറിയെന്ന് അദ്ദേഹം പറഞ്ഞു. ഫൗണ്ടേഷൻ ഫോർ റിസ്റ്റോറേഷൻ ഒഫ് നാഷണൽ വാല്യൂസിന്റെ പ്രസിഡന്റായ ഇ. ശ്രീധരൻ സംഘടനയുടെ വാർത്താക്കുറിപ്പിലൂടെയാണ് രൂക്ഷമായ വിമർശനം നടത്തിയത്.

പ്രളയം കഴിഞ്ഞ് അഞ്ചു മാസമായിട്ടും ജനങ്ങളുടെ ദുരിതം മാറിയിട്ടില്ല. സർക്കാരിന്റെ ശ്രദ്ധ ശബരിമല സംബന്ധിച്ച സുപ്രീംകോടതി ഉത്തരവ്, വനിതാമതിൽ തുടങ്ങിയ രാഷ്ട്രീയ വിഷയങ്ങളിലാണ്. പ്രളയക്കെടുതി മനഷ്യനിർമ്മിതമെന്ന് പരിസ്ഥിതിപ്രവർത്തകരും എൻജിനീയർമാരും ആരോപണം ഉന്നയിച്ച സാഹചര്യത്തിൽ, കാരണങ്ങൾ കണ്ടെത്താൻ അടിയന്തര നടപടി സ്വീകരിക്കുകയാണ് ഉത്തരവാദിത്വമുള്ള സർക്കാർ ചെയ്യേണ്ടിയിരുന്നത്.

ഉന്നതാധികാര പഠന സമിതിയെ നിയോഗിക്കുന്നതിൽ അനാസ്ഥ കാട്ടി.

ദുരന്തങ്ങളെ അവസരമാക്കിയ നിരവധി ഉദാഹരണങ്ങൾ ലോകത്തിലുണ്ട്. എന്താണ് വേണ്ടതെന്ന് കേരളം ഇപ്പോഴും നിശ്ചയിച്ചിട്ടില്ല. ജനങ്ങളുടെ ചിന്തയുടെയും മനോഭാവത്തിന്റെയും ഗുണപരമായ മാറ്റവും സർക്കാരിലെ പുതിയ തൊഴിൽ സംസ്കാരവും സൃഷ്ടിക്കേണ്ടതായിരുന്നു.

അതിന് ധാർമ്മികമൂല്യങ്ങളിൽ അധിഷ്ഠിതമായ ദൃഢനിശ്ചയവും സമർപ്പണവുമാണ് വേണ്ടത്. ശ്രീധരൻ നിർദേശിച്ചു.

നവകേരളത്തിനായി ശ്രീധരന്റെ നിർദ്ദേശങ്ങൾ:

- പൊതുസ്ഥലങ്ങളുടെ ശുചിത്വം, വിദ്യാഭ്യാസ പരിഷ്കാരം,
- പാവപ്പെട്ടവർക്ക് ചികിത്സാസൗകര്യം,
- മികച്ച റോഡുകളും നിയമം നടപ്പാക്കലും വഴി അപകടങ്ങൾ കുറയ്ക്കൽ,
- കൂടുതൽ തൊഴിലവസരങ്ങൾ, വ്യവസായിക നിക്ഷേപങ്ങൾ ആകർഷിക്കുക, കാർഷിക വികസനം.
- മികച്ച തൊഴിൽ സംസ്കാരം സൃഷ്ടിക്കണം.
- ഹർത്താൽ, ബന്ത്, പണിമുടക്ക്, പൊതുമുതൽ നശിപ്പിക്കൽ തുടങ്ങിയവ കർശനമായി തടയണം.
- സാമൂഹ്യ ഉത്തരവാദിത്വമുള്ള ജനതയായി മലയാളികൾ മാറണം. ധാർമ്മികമൂല്യങ്ങളും രാജ്യസ്നേഹവും അതിന് കരുത്താകണം.
- തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനം രാഷ്ട്രീയ മുക്തമാക്കണം.
- ഉദ്യോഗസ്ഥവൃന്ദത്തെ സേവനമനോഭാവമുള്ളവരാക്കി മാറ്റണം

അദ്ധ്യാപകർ ശമ്പളം കിട്ടാൻ യാചിക്കേണ്ട സ്ഥിതി : മാർ ക്ലീമിസ് കാതോലിക്കബാവ

തിരുവനന്തപുരം: ശമ്പളവും ആനുകൂല്യങ്ങളും ലഭിക്കാൻ എയ്ഡഡ് സ്കൂൾ അദ്ധ്യാപകർ സെക്രട്ടേറിയറ്റ് പടിക്കൽ യാചിക്കേണ്ട സ്ഥിതിയാണെന്ന് മലങ്കര കത്തോലിക്കാസഭാ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവ പറഞ്ഞു.

കെ. ഇ. ആർ ഭേദഗതിക്കെതിരെ എയ്ഡഡ് സ്കൂൾ അദ്ധ്യാപക- മാനേജ്മെന്റ് സംയുക്ത സമരസമിതി സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തിയ ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജോലി ചെയ്യുവർക്ക് കൂലി നൽകാതെ തെരുവിലേക്ക് ഇറക്കിവിട്ടത് മനഷ്യാവകാശ ലംഘനമാണെന്ന് മുഖ്യപ്രഭാഷണം നടത്തിയ ലത്തീൻ അതിരൂപത ആർച്ച് ബിഷപ്പ് ഡോ. എം. സൂസപാക്യം പറഞ്ഞു.

ഇടതു സർക്കാർ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ കാര്യത്തിൽ സ്വീകരിക്കുന്ന നിലപാടുകൾ പ്രശ്നങ്ങൾ കൂടുതൽ വഷളാക്കുകയാണെന്ന് ചടങ്ങിൽ പ്രസംഗിച്ചമുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു.

എം. എൽ. എമാരായ കെ. മുരളീധരൻ, പി. ഉബൈദുള്ള, മുൻ എം. എൽ. എ കുട്ടി അഹമ്മദുകുട്ടി, കെ. സി. ബി. സി വിദ്യാഭ്യാസ സെക്രട്ടറി. ഫാ. ജോസ് കരിവേലിക്കൽ, സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് വർക്കി ആറ്റുപുറത്ത് എന്നിവർ പ്രസംഗിച്ചു. കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്, നോൺ അപ്പ്രൂവ്ഡ് ടീച്ചേഴ്സ് യൂണിയൻ, എയ്ഡഡ് സ്കൂൾ മാനേജേഴ്സ് അസോസിയേഷൻ, സ്കൂൾ മാനേജേഴ്സ് അസോസിയേഷൻ എന്നീ സംഘടനകളുടെ നേതൃത്വത്തിലാണ് മാർച്ചും ധർണയും നടത്തിയത്.

സർക്കാർ ജനത്തിനൊപ്പമെന്ന് തെളിയിച്ചു : മുഖ്യമന്ത്രി

തിരുവനന്തപുരം : സർക്കാർ ജനങ്ങൾക്കൊപ്പമെന്നത് പ്രചാരണ വാചകം മാത്രമല്ലെന്നും ജനങ്ങൾക്ക് അനുഭവവേദ്യമാകുന്ന ക്ഷേമ പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളിക്ഷേമനിധിബോർഡ് പെൻഷൻ വിതരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സംഘടിതം, അസംഘടിതം എന്ന വ്യത്യാസമില്ലാതെ മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷവും കൂലിയും സാമൂഹ്യസുരക്ഷയും പ്രദാനം ചെയ്യുന്ന പ്രവർത്തനങ്ങളാണ് തൊഴിലാളികൾക്കായി നടപ്പാക്കുന്നത്. രാജ്യത്തെ 79 ശതമാനം തൊഴിൽ മേഖലയിലും സുരക്ഷിതത്വമില്ലെന്ന് റിസർവ് ബാങ്ക് പുറത്തുവിട്ട സർവേയിൽ പരാമർശിച്ചിട്ടുണ്ട്. തൊഴിലാളികളുടെ അവകാശങ്ങൾ ഹനിക്കുക, കോർപറേറ്റുകൾക്ക് ആവശ്യമുള്ള സഹായങ്ങൾ ചെയ്യുക എന്നതാണ് രാജ്യത്തെ പൊതുവായ രീതി. എന്നാൽ കേരളം ഇതിൽ നിന്നു വിഭിന്നമാണ്. അന്യസംസ്ഥാന തൊഴിലാളികൾക്കടക്കം സമഗ്ര ഇൻഷ്വറൻസ്, ആരോഗ്യ പരിരക്ഷ, എന്നിവയ്ക്ക് നിയമം കൊണ്ടുവന്നു. തൊഴിലാളികൾക്ക് ആഴ്ചയിൽ ആറു ദിവസം ജോലിയും ഒരു ദിവസം ശമ്പളത്തോടെ വിശ്രമവും നൽകുന്ന വിധം തൊഴിൽ നിയമം പരിഷ്കരിച്ചെന്ന് അദ്ധ്യക്ഷത വഹിച്ച മന്ത്രി ടി.പി. രാമകൃഷ്ണൻ പറഞ്ഞു.

ശബരിമല: സർക്കാർ വസ്തുതകൾ മറച്ചുവച്ചെന്ന് ഉമ്മൻചാണ്ടി

തിരുവനന്തപുരം: ശബരിമലയിൽ സ്ത്രീപ്രവേശനം സംബന്ധിച്ച് 1991ൽ ഹൈക്കോടതി നടത്തിയത് തെറ്റായ വിധിയാണെന്നും അത് സുപ്രീംകോടതി തിരുത്തിയെന്നുമുള്ള മുഖ്യമന്ത്രിയുടെ പരാമർശം നിരുത്തരവാദപരവും തെറ്റിദ്ധാരണാജനകവുമാണെന്ന് കോൺഗ്രസ് പ്രവർത്തക സമിതിയംഗം ഉമ്മൻചാണ്ടി ആരോപിച്ചു.

ഇടതുസർക്കാർ വസ്തുതകൾ മറച്ചുവച്ച് സുപ്രീംകോടതിയിൽ നല്ലിയ സത്യവാങ്മൂലമാണ് ഈ വിധിയിലേക്ക് നയിച്ചത്.

കെ.എ.എം.എ സംസ്ഥാന അവാർഡുകൾ പ്രഖ്യാപിച്ചു

എ. യഹിയ കുട്ടി

ഒ. റഹീം

സാഹിലാ ബീവി

തിരുവനന്തപുരം: അറബി ഭാഷയുടെ പ്രചാരണത്തിനും വളർച്ചയ്ക്കും സംഭാവനകൾ നൽകുന്നവർക്ക് കേരള അറബിക് മൻഷീസ് അസോസിയേഷൻ (കെ.എ.എം.എ) ഏർപ്പെടുത്തിയിട്ടുള്ള സി. എച്ച് മുഹമ്മദ് കോയ അവാർഡിന് പണ്ഡിതനും റിട്ടയേർഡ് അറബി അദ്ധ്യാപകനുമായ എ. യഹിയ കുട്ടി അർഹനായി. ശിഹാബ് തങ്ങൾ അവാർഡിന് സംസ്ഥാന അറബിക് സ്പെഷ്യൽ ഓഫീസർ ഒ. റഹീം, മജീദ് - റഹ്മാൻ - കുഞ്ഞിപ്പ അവാർഡിന് കിളിമാനൂർ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിലെ പ്രഥമാദ്ധ്യാപിക സാഹിലാ ബീവി എന്നിവരും അർഹരായി. 24 ന് പത്തനംതിട്ടയിൽ നടക്കുന്ന സംസ്ഥാന സമ്മേളനത്തിൽ അവാർഡുകൾ വിതരണം ചെയ്യുമെന്ന് സംസ്ഥാന ജനറൽ സെക്രട്ടറി എം. തമീമുദ്ദീൻ സംസ്ഥാന പ്രസിഡന്റ് എ.എ. ജാഫർ എന്നിവർ അറിയിച്ചു.

വിളംബരം

ഗവേഷണ പദ്ധതിയിൽ ഒഴിവുകൾ

തിരുവനന്തപുരം: പാലോട് ജവഹർലാൽ നെഹറു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടപ്പാക്കുന്ന ഗവേഷണ പദ്ധതിയിലെ ഒഴിവുകളിലേക്ക് അപേക്ഷക്ഷണിച്ചു. ജൂനിയർ റിസർച്ച് ഫെലോ: ഒഴിവ് ഒന്ന്. കാലാവധിമൂന്നു വർഷം. (പ്ലാന്റ് ജനറിക് റിസോഴ്സ്). യോഗ്യത: ബോട്ടണിയിൽ ഒന്നാം ക്ലാസ് ബിരുദാനന്തര ബിരുദം.

ഫീൽഡ് അറ്റൻഡന്റ്: ഒഴിവ് ഒന്ന്. കാലാവധി മൂന്നു വർഷം. യോഗ്യത: പത്താം ക്ലാസ് വിജയം. സസ്യശേഖരണത്തിനും നഴ്സറി പരിപാലനത്തിനും രണ്ടു വർഷത്തിൽ കുറയാതെയുള്ള പരിചയം അഭിലഷണീയം. ബയോഡാറ്റയും സർട്ടിഫിക്കറ്റുകളും സ്വയംസാക്ഷ്യപെടുത്തിയ പകർപ്പുകളും സഹിതം ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പാലോട്, തിരുവനന്തപുരം - 695562 വിലാസത്തിൽ ഫെബ്രുവരി ആറിന് രാവിലെ 10ന് കൂടിക്കാഴ്ചക്കായി ഹാജരാകണം. വിശദവിവരങ്ങൾക്ക്: www.jntbgri.res.in.

സർവകലാശാല വാർത്തകൾ

കേരള
www.kerala university.ac.in

■ ടൈംടേബിൾ
23 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം. ബി. എ (2014 സ്കീം - ഫുൾടൈം റെഗുലർ/യു.ഐ.എം ഈവനിംഗ്/ട്രാവൽ ആൻഡ് ടൂറിസം) ഡിഗ്രിപരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

■ പരീക്ഷാ കേന്ദ്രങ്ങൾ
23 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം. ബി. എ (ഫുൾ ടൈം